# 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2024 ഒക്ടോബർ 10-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2023-ലെ കേരള കന്നുകാലി പ്രജനന ബിൽ സംബന്ധിച്ച**
**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും**
**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1165/2024.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 9 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 11 |

# സബ്ജക്ട് കമ്മിറ്റി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി. പ്രസാദ്,

കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീമതി ജെ. ചിഞ്ചുറാണി,

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺബോസ്, അണ്ടർ സെക്രട്ടറി.

# 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കായി അയച്ച 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ (ബിൽ നമ്പർ 180), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ, 2023 ഡിസംബർ 8-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2024 ഒക്ടോബർ 8-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) 2024 ഒക്ടോബർ 8-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## പീഠിക

(i) "കാര്യങ്ങൾ വ്യവസ്ഥ" എന്നീ വാക്കുകൾക്ക് പകരം "കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ" എന്നീ വാക്കുകൾ ചേർക്കുക.

## തത്വപ്രഖ്യാപനവാക്യം

"എഴുപത്തിനാലാം" എന്ന വാക്കിന് പകരം "എഴുപത്തിയഞ്ചാം" എന്ന വാക്ക് ചേർക്കുക.

## ഖണ്ഡം -1

(1)-ാം ഉപഖണ്ഡത്തിൽ, "2023" എന്നീ അക്കങ്ങൾക്ക് പകരം "2024" എന്നീ അക്കങ്ങൾ ചേർക്കുക.

## ഖണ്ഡം -2

(i) (എ) ഉപഖണ്ഡത്തിൽ, "(എ.ഐ)" എന്നീ ബ്രാക്കറ്റിനും അക്ഷരങ്ങൾക്കും ചിഹ്നത്തിനും പകരം "(എ .ഐ.)" എന്നീ ബ്രാക്കറ്റും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക

(ii) (സി) ഉപഖണ്ഡത്തിൽ, "അതോറിറ്റിയോ" എന്ന വാക്കിന് പകരം "അതോറിറ്റിയുടെയോ" എന്ന വാക്കും "വെറ്ററിനറി ഡോക്ടർ" എന്നീ വാക്കുകൾക്ക് പകരം "വെറ്ററിനേറിയൻ" എന്ന വാക്കും ചേർക്കുക.

(iii) (എം) ഉപഖണ്ഡത്തിൽ, "ബീജ സംഭരണ കേന്ദ്രത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "സെമൻ സ്റ്റേഷന്റെ" എന്നീ വാക്കുകൾ ചേർക്കുക.

(iv) (എൻ) ഉപഖണ്ഡത്തിൽ, "കാള/പശുവിന്റെ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "കാള, പശു, പോത്ത്, എരുമ എന്നിവയുടെ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(v) (ക്യു) ഉപഖണ്ഡത്തിൽ, “സംസ്ഥാനതല" എന്ന വാക്ക് വിട്ടുകളയുക.

(vi) (വൈ) ഉപഖണ്ഡത്തിൽ, "നിർവ്വചിച്ചിട്ടുള്ള" എന്ന വാക്കിന് ശേഷം "പ്രകാരം" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം -3</u>

(2)-ാം ഉപഖണ്ഡത്തിൽ,—

(i) (സി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക

"(ഡി) ഡയറക്ടർ, ക്ഷീരവികസന വകുപ്പ്-അംഗം;

(ഇ) സർക്കാർ മൃഗസംരക്ഷണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ-അംഗം; ".

(ii) അപ്രകാരം പുതുതായി ചേർത്ത (ഇ) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (എഫ്), (ജി), (എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളായി പുനരക്കം ചെയ്യുക.

<u>ഖണ്ഡം -5</u>

(i) (1)-ാം ഉപഖണ്ഡത്തിന് പകരം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക, —

“ (1) രജിസ്ട്രാർ, ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും, നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ചും അതോറിറ്റിയുടെ യോഗം ചേരേണ്ടതാണ്.”.

(ii) (2)-ാം ഉപഖണ്ഡത്തിലെ "നാല്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം -6</u>

(i) (1)-ാം ഉപഖണ്ഡത്തിലെ രണ്ടാമത്തെ വാചകത്തിന് പകരം താഴെ പറയുന്ന വാചകം ചേർക്കുക

“അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ആവശ്യമായി വരുന്നപക്ഷം സർക്കാരുമായി കൂടിയാലോചിച്ച് കൊണ്ട് കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ് .".

(ii) (3)-ാം ഉപഖണ്ഡത്തിൽ, "സമിതിയിലെ അംഗങ്ങൾക്ക്" എന്നീ വാക്കുകൾക്ക് പകരം "സമിതിയിലെ അംഗങ്ങൾക്കും അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം -7</u>

(i) (ബി) ഉപഖണ്ഡത്തിൽ, "സംസ്ഥാനത്തിനകത്തോ" എന്ന വാക്കിന് മുമ്പായി "സംസ്ഥാന പ്രജനന നയത്തിന് അനുസൃതമായി" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ഇ) ഉപഖണ്ഡത്തിൽ, "സംസ്ഥാനത്ത്" എന്ന വാക്കിന് മുമ്പായി "ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി" എന്നീ വാക്കുകൾ ചേർക്കുക.

(iii) (എഫ്) ഉപഖണ്ഡത്തിൽ, "എ.ഐ" എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "<u>എ.ഐ.</u>" എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(iv) നിലവിലുള്ള (ജി) ഉപഖണ്ഡത്തിനെ (ഐ) ഉപഖണ്ഡമായി പുനരക്കം ചെയ്യുകയും നിലവിലുള്ള (എഫ്) ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ചെയ്യുക

“ (ജി) കന്നുകാലി പ്രജനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, നയങ്ങൾ മുതലായവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക;

(എച്ച്) കന്നുകാലി പ്രജനന നയം/നിയമങ്ങൾ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുക;”.

(v) പുനരക്കം ചെയ്ത (ഐ) ഉപഖണ്ഡത്തിൽ "നിർവ്വഹിക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "നിർവ്വഹിക്കുക" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം -8</u>

(3)-ാം ഉപഖണ്ഡത്തിൽ

(i) "ഉത്തരവാദപ്പെട്ട ആളോടോ അല്ലെങ്കിൽ ഏതെങ്കിലും ആൾ" എന്നീ വാക്കുകൾക്ക് പകരം "ഉത്തരവാദപ്പെട്ട ആൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "അയാളോടോ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള ആളോട്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം -9

(i) "ഫോറത്തിൽ" എന്ന വാക്ക് എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം "ഫാറത്തിൽ" എന്ന വാക്ക് പകരം ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിൽ, "ആൾ/" എന്ന വാക്കും ചിഹ്നവും വിട്ടുകളയുക.

(iii) (6)-ാം ഉപഖണ്ഡത്തിൽ,—

(എ) "കാളകളുടെ" എന്ന വാക്കിന് പകരം "വിത്തുകാളകളുടെ" എന്ന വാക്ക് ചേർക്കുക.

(ബി) (ബി) ഇനത്തിൽ "എല്ലാ കാളകളും" എന്നീ വാക്കുകൾക്ക് പകരം "എല്ലാ വിത്തുകാളകളും" എന്നീ വാക്കുകൾ ചേർക്കുക.

(iv) (7)-ാം ഉപഖണ്ഡത്തിൽ, "രേഖാമൂലം" എന്ന വാക്കിന് പകരം "എഴുതി" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -10

(3)-ാം ഉപഖണ്ഡത്തിൽ, "കാളകളുടെ" എന്ന വാക്കിന് പകരം "വിത്തുകാളകളുടെ" എന്ന വാക്കും "വിറ്റൊഴിവാക്കൽ" എന്ന വാക്കിന് പകരം "കയ്യൊഴിയൽ" എന്ന വാക്കും ചേർക്കുക.

ഖണ്ഡം -11

(2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.".

ഖണ്ഡം -12

(i) (2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) വിത്തുകാളകളുടെ സാക്ഷ്യപ്പെടുത്തൽ, സവിശേഷ തിരിച്ചറിയൽ നമ്പർ നൽകലും പ്രദർശിപ്പിക്കലും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.".

(ii) (3)-ാം ഉപഖണ്ഡം വിട്ടുകളയുക.

ഖണ്ഡം -13

(i) മാർജിനൽ ശീർഷകത്തിലെ "എ.ഐ" എന്നീ അക്ഷരങ്ങൾക്കും ചിഹ്നത്തിനും പകരം "എ.ഐ." എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) " 'ടെക്നീഷ്യൻസിനെ" എന്ന വാക്കിന് പകരം "ടെക്നീഷ്യനെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -14

(2)-ാം ഉപഖണ്ഡത്തിൽ, "ബീജമാത്രകൾ/ഭ്രൂണം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബീജമാത്രകൾ, ഭ്രൂണം എന്നിവ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം -15

"രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്നീ വാക്കുകൾക്കു ശേഷമുള്ള "," എന്ന ചിഹ്നം ഒഴിവാക്കുക.

ഖണ്ഡം -16

(i) (എ) ഉപഖണ്ഡത്തിൽ, "ആണെന്നോ" എന്ന വാക്കിന് ശേഷം " ; "എന്ന ചിഹ്നം ചേർക്കേണ്ടതാണ്, "അല്ലെങ്കിൽ" എന്ന വാക്കിന് ശേഷം" ;" എന്ന ചിഹ്നം ഒഴിവാക്കുക.

(ii) (ബി) ഉപഖണ്ഡത്തിൽ, "അല്ലെങ്കിൽ" എന്ന വാക്കിന് ശേഷം";" എന്ന ചിഹ്നം ഒഴിവാക്കുക.

ഖണ്ഡം -17

(i) (1)-ാം ഉപഖണ്ഡത്തിൽ, "ഏതൊരാൾക്കും" എന്ന വാക്കിന് ശേഷം ", അത് സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസങ്ങൾക്കകം," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(ii) (1)-ാം ഉപഖണ്ഡത്തിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, നിശ്ചിത സമയപരിധിക്കകം അപ്പീൽ സമർപ്പിക്കുന്നതിന് അപ്പീൽ വാദിക്ക് കഴിയാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കാലാവധി മുതൽ മുപ്പത് ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്.".

(iii) (2) -ാം ഉപഖണ്ഡത്തിൽ, "പരമാവധി" എന്ന വാക്കിന് പകരം ", അപ്പീൽ ലഭിച്ച തീയതി മുതൽ പരമാവധി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>അദ്ധ്യായം 4</u>

ശീർഷകത്തിൽ "എന്നിവയ്ക്കുള്ള" എന്ന വാക്കിനു പകരം "മുതലായവയ്ക്കുള്ള" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം -18</u>

(i) മാർജിനൽ ശീർഷകത്തിൽ, "എന്നിവയ്ക്കുള്ള" എന്ന വാക്കിന് പകരം "മുതലായവയ്ക്കുള്ള" എന്ന വാക്ക് ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിന് പകരം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക

"(2) ഏതെങ്കിലും പരിസരത്ത്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നോ, ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമല്ലാതെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും പ്രവർത്തിക്കുന്നുവെന്നോ അതോറിറ്റിക്കോ അതോറിറ്റി ചുമതലപ്പെടുത്തുന്ന വിദഗ്ധ സമിതി അംഗങ്ങൾക്കോ കാര്യകാരണസഹിതം ബോധ്യപ്പെടുന്നപക്ഷം, ആ പ്രദേശത്ത് പ്രവേശിച്ച് സാമ്പിളുകൾ എടുക്കുകയോ, പരിശോധന, തെരച്ചിൽ എന്നിവ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്.".

(iii) (4)-ാം ഉപഖണ്ഡത്തിന് പകരം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക.

"(4) അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയുമായി ബന്ധപ്പെട്ട് 2023- ലെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ (2023-ലെ 46-ാം നമ്പർ കേന്ദ്ര ആക്റ്റ്) ബന്ധപ്പെട്ട വ്യവസ്ഥകൾ, ഈ വകുപ്പിന്റെ (1) ഉം (2) ഉം (3) ഉം ഉപവകുപ്പുകൾ പ്രകാരമുള്ള അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയ്ക്ക് ബാധകമായിരിക്കുന്നതാണ്.".

<u>ഖണ്ഡം -19</u>

(2)-ാം ഉപഖണ്ഡത്തിൽ, "റിപ്പോർട്ടും" എന്ന വാക്കിന് ശേഷം "അതിന്റെ" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം-20</u>

20-ാം ഖണ്ഡത്തിന് പകരം താഴെപറയുന്ന ഖണ്ഡം ചേർക്കുക

"20. <u>നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം</u>.— ഈ ആക്റ്റിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ഇത് സംബന്ധിച്ച് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി, അതോറിറ്റിക്ക് അതിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിലേയ്ക്കായി,

ഏതെങ്കിലും ആളിനോ, ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ രേഖാമൂലം ഏതൊരു നിർദ്ദേശവും നൽകാവുന്നതും അത്തരം ആൾ, ഉദ്യോഗസ്ഥൻ, അധികാരസ്ഥാനം, അതത് സംഗതിപോലെ, അവ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.".

ഖണ്ഡം -23

(i) (1)-ാം ഉപഖണ്ഡത്തിൽ, "പരാതിയിന്മേലല്ലാതെ ഒരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിന് പകരം താഴെപറയുന്ന ഉപഖണ്ഡം ചേർക്കുക

"(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യാവുന്നതാണ്.".

(iii) (3)-ാം ഉപഖണ്ഡം വിട്ടുകളയുക.

ഖണ്ഡം -25

"തദ്ദേശഅധികാരസ്ഥാനങ്ങൾ"എന്ന വാക്കിന് പകരം "തദ്ദേശാധികാരസ്ഥാനങ്ങൾ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -26

"അതോറിറ്റിയുടെ പ്രവർത്തനങ്ങൾ, ഫണ്ടുകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അതോറിറ്റി, അതിന്റെ പ്രവർത്തനങ്ങൾ, വരവ് ചെലവ് കണക്കുകൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം -27

"1860-ലെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്)" എന്നീ അക്കങ്ങൾക്കും, ചിഹ്നങ്ങൾക്കും, വാക്കുകൾക്കും, ബ്രാക്കറ്റിനും പകരം "2023-ലെ ഭാരതീയ ന്യായ സംഹിത (2023-ലെ 45-ാം നമ്പർ കേന്ദ്ര ആക്റ്റ്)" എന്നീ അക്കങ്ങളും, ചിഹ്നങ്ങളും, വാക്കുകളും, ബ്രാക്കറ്റും ചേർക്കുക.

ഖണ്ഡം -31

"ഏത് കാര്യവും" എന്നീ വാക്കുകൾക്ക് ശേഷം ", സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

<u>ഖണ്ഡം -32</u>

32-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

" 32. <u>അതോറിറ്റിക്ക് ആവശ്യമായ തുക വകയിരുത്തൽ</u>.— അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക, മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ സർക്കാർ വകയിരുത്തേണ്ടതാണ്.".

മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2024 ഒക്ടോബർ 10.

പി. പ്രസാദ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി I.*

## അനുബന്ധം - I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി വിത്തുകാളകളിൽ നിന്നുള്ള ബീജോത്പാദനം, ബീജമാത്രകളുടെ സംസ്കരണം, ശേഖരണം, വിൽപ്പന, വിതരണം കൂടാതെ കൃത്രിമ ബീജദാനം തുടങ്ങിയ പ്രജനനപ്രവർത്തികളും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് പ്രജനന നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതോറിറ്റി രൂപീകരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു.

എന്നാൽ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിക്ക് നൽകിയിരിക്കുന്ന ചില അധികാരങ്ങൾ കർഷകരുടെ താല്പര്യങ്ങളെ ഹനിക്കുന്ന രീതിയിലുള്ളതാണ്. ബില്ലിലെ ഇരുപത്തിമൂന്നാം വകുപ്പിലെ വ്യവസ്ഥ പ്രകാരം, അതോറിറ്റിയോ അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള പരാതിയിൽ അല്ലാതെ ഒരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള കുറ്റത്തിന് നടപടിയെടുക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തുമ്പോൾ കർഷകർക്കോ പൊതു സമൂഹത്തിനോ ആക്റ്റിന് വിരുദ്ധമായ കാര്യങ്ങൾ ഉണ്ടായാൽ പരാതി നൽകാനുള്ള അവസരം നഷ്ടമാകുന്നതാണ്. ഇത് നിയമനിർമ്മാണത്തിന് സാംഗത്യം തന്നെ ഇല്ലാതാകുന്നതും അഴിമതിയ്ക്ക് സാധ്യത ഒരുക്കുന്നതുമാണ്.

സെമൻ സ്റ്റേഷനുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വകുപ്പ് 9-ലെ വ്യവസ്ഥയിൽ കൃത്രിമ ബീജദാനത്തിനുള്ള ബീജ മാത്രകൾ ഉല്പാദിപ്പിച്ച് സംഭരിക്കുകയോ സെമൻ സ്റ്റേഷനുകൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ഭ്രൂണങ്ങൾ ഉല്പാദിപ്പിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ നേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . സംസ്ഥാന ലിസ്റ്റിലുള്ള ഒരു വിഷയം സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്ന ഘട്ടത്തിൽ കേന്ദ്ര സർക്കാർ സ്ഥാപനത്തിന് ഇപ്രകാരം ഒരു വിലക്ക് ഏർപ്പെടുത്തുന്ന വ്യവസ്ഥയുടെ സാധുതയെക്കുറിച്ചും പരിശോധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| എം വിൻസെന്റ് | (ഒപ്പ്) |
| അനൂപ് ജേക്കബ് | (ഒപ്പ്) |
| കുറുക്കോളി മൊയ്തീൻ | (ഒപ്പ്) |

അനുബന്ധം II

# 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്ര ചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു]

കേരള സംസ്ഥാനത്ത് മികച്ച ഇനം കന്നുകാലികളെ വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രജനനത്തിനുപയോഗിക്കുന്ന വിത്തുകാളകളിൽ നിന്നുള്ള ബീജോൽപാദനം, ബീജമാത്രകളുടെ സംസ്കരണം, ശേഖരണം, വിൽപന, വിതരണം, കൂടാതെ കൃത്രിമ ബീജാധാനം തുടങ്ങിയ പ്രജനന പ്രവർത്തികളും കന്നുകാലി പ്രജനനവും അനുബന്ധ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് മികച്ച ഇനം കന്നുകാലികളെ വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രജനനത്തിനുപയോഗിക്കുന്ന വിത്തുകാളകളിൽ നിന്നുള്ള ബീജോൽപാദനം, ബീജമാത്രകളുടെ സംസ്കരണം, ശേഖരണം, വിൽപന, വിതരണം കൂടാതെ കൃത്രിമ ബീജാധാനം തുടങ്ങിയ പ്രജനന പ്രവർത്തികളും കന്നുകാലി പ്രജനനവും അനുബന്ധ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള കന്നുകാലി പ്രജനന ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കൃത്രിമ ബീജാധാനം (എ.ഐ.)" എന്നാൽ സാങ്കേതിക വിദ്യയിലൂടെ പ്രജനന പ്രായമെത്തിയ ഉരുക്കളുടെ ഗർഭാശയത്തിൽ വിത്തുകാളകളുടെ ബീജമാത്രകൾ കൃത്രിമമായി നിക്ഷേപിക്കുന്ന പ്രവൃത്തി എന്നർത്ഥമാകുന്നു;

(ബി) "അതോറിറ്റി" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) "അംഗീകൃത ഇൻസെമിനേറ്റർ" എന്നാൽ അതോറിറ്റിയുടെയോ അതോറിറ്റിയുടെ നിർദ്ദേശപ്രകാരമോ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു വെറ്ററിനേറിയൻ /ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ/അതോറിറ്റിയുടെ അംഗീകാരമുള്ള പരിശീലനം ലഭിച്ച എ.ഐ. ടെക്നീഷ്യൻ എന്നർത്ഥമാകുന്നു;

(ഡി) "കന്നുകാലി" എന്നാൽ പശു, കാള, കിടാരി, എരുമ, പോത്ത്, എരുമ കിടാരി എന്നിവ എന്നർത്ഥമാകുന്നു;

(ഇ) "കന്നുകാലി ബ്രീഡർ" എന്നാൽ കന്നുകാലി പ്രജനന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ, സംഘടന, സ്ഥാപനം അല്ലെങ്കിൽ ഏജൻസി എന്നർത്ഥമാകുന്നു;

(എഫ്) "കന്നുകാലി പ്രജനനം" എന്നാൽ വിത്തുകാളകൾ, ബീജമാത്രകൾ അല്ലെങ്കിൽ ഭ്രൂണങ്ങൾ എന്നിവ ഉപയോഗിച്ച് കന്നുകാലികളിൽ നടത്തുന്ന പ്രജനന പ്രവൃത്തികൾ എന്നർത്ഥമാകുന്നു;

(ജി) "പ്രജനന നയം" എന്നാൽ സംസ്ഥാനത്തെ കന്നുകാലികളുടെ പ്രജനനവും വർഗോദ്ധാരണവും മെച്ചപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കന്നുകാലി പ്രജനന നയം എന്നർത്ഥമാകുന്നു;

(എച്ച്) "സാക്ഷ്യപ്പെടുത്തിയ കാള" എന്നാൽ അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിർദ്ദിഷ്ട കന്നുകാലി ഇനത്തിനായുള്ള ബീജോൽപാദനത്തിന് അതോറിറ്റി സാക്ഷ്യപ്പെടുത്തിയ വിത്തുകാള എന്നർത്ഥമാകുന്നു;

(ഐ) "ചെയർപേഴ്സൺ" എന്നാൽ അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ജെ) "ഭ്രൂണം" എന്നാൽ കന്നുകാലികളുടെ അണ്ഡം, ബീജം എന്നിവയുടെ സങ്കലനത്തിലൂടെ ഉണ്ടാകുന്നത് എന്നർത്ഥമാകുന്നു;

(കെ) “വിദഗ്ധൻ” എന്നാൽ അതോറിറ്റി നിർദ്ദേശിച്ച ആവശ്യകതകൾ നിറവേറ്റുന്ന ഒരു വിദഗ്ധൻ എന്നർത്ഥമാകുന്നു;

(എൽ) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) “മിസ് ബ്രാൻഡഡ് ബീജം” എന്നാൽ വിത്തുകാളയുടെ ബീജമാത്രുകളുടെ ഡി.എൻ.എ. പ്രൊഫൈൽ, സെമൻ സ്റ്റേഷന്റെ രേഖകളിലോ സെമൻ സ്റ്റോയിലോ രേഖപ്പെടുത്തിയിട്ടുള്ള ബീജമാത്രുകളുടെ ഡി.എൻ.എ. പ്രൊഫൈലുമായി പൊരുത്തപ്പെടാത്തത് എന്നർത്ഥമാകുന്നു;

(എൻ) “പെഡിഗ്രി” എന്നാൽ കാള, പശു, പോത്ത്, എരുമ എന്നിവയുടെ വംശാവലിയുടെ ജനിതക ഘടനയുടെ വിശദാംശങ്ങൾ എന്നർത്ഥമാകുന്നു;

(ഒ) “പരിസരം” എന്നാൽ ബീജമാത്രുകളുടെ ഉൽപാദനം, സംഭരണം, വിതരണം, വ്യാപാരം അല്ലെങ്കിൽ വിനിയോഗം എന്നിവയ്ക്കായി ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലം, ഭൂമി, മുറ്റം, കെട്ടിടം എന്നർത്ഥമാകുന്നു;

(പി) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ക്യൂ) “അംഗീകൃത ലബോറട്ടറി” എന്നാൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്/റീജിയണൽ ഡിസീസസ് ഡയഗ്നസ്റ്റിക് ലബോറട്ടറി അല്ലെങ്കിൽ അതോറിറ്റി കൃത്യമായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും [***] ലബോറട്ടറി എന്നർത്ഥമാകുന്നു;

(ആർ) “രജിസ്ട്രാർ” എന്നാൽ അതോറിറ്റിയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(എസ്) “ബീജം” എന്നാൽ വിത്തുകാളയുടേയോ പോത്തിന്റെയോ ഏത് അവസ്ഥയിലുമുള്ള ബീജം അല്ലെങ്കിൽ ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രുകൾ എന്നർത്ഥമാകുന്നു;

(ടി) “സെമൻ ബാങ്ക്” എന്നാൽ വിൽപനയ്ക്കോ വിതരണത്തിനോ വേണ്ടി കന്നുകാലി ബീജം സൂക്ഷിച്ചിരിക്കുന്ന സ്ഥലം എന്നർത്ഥമാകുന്നു;

(യു) “സെമൻ സ്റ്റേഷൻ” എന്നാൽ കന്നുകാലി ബീജമാത്രുകളുടെ ഉൽപാദനം, ശേഖരണം, സംസ്കരണം, സംഭരണം എന്നിവയ്ക്കായി സജ്ജീകരിച്ചിരിക്കുന്ന സ്ഥലം എന്നർത്ഥമാകുന്നു;

(വി) “സേവനങ്ങൾ” എന്നാൽ സർക്കാർ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കന്നുകാലി പ്രജനന സേവനങ്ങൾ എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എക്സ്) "സബ് സ്റ്റാൻഡേർഡ് ബീജം" എന്നാൽ നിർദ്ദിഷ്ട നിലവാരമില്ലാത്ത ബീജം അല്ലെങ്കിൽ സെമൻ സ്ട്രോ എന്നർത്ഥമാകുന്നു;

(വൈ) "വെറ്ററിനേറിയൻ" എന്നാൽ 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്റ്റിൽ (1984-ലെ 52 -ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ള പ്രകാരം രജിസ്റ്റർ ചെയ്ത ഒരു വെറ്ററിനറി പ്രാക്ടീഷണർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

## കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി

3. കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്ര വേഗം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി, കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി എന്ന പേരിൽ അറിയപ്പെടുന്ന ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് - ചെയർപേഴ്സൺ;

(ബി) ഡീൻ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല - അംഗം;

(സി) ജോയിന്റ് കമ്മീഷണർ, മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രാലയം, ഭാരത സർക്കാർ - അംഗം;

(ഡി) ഡയറക്ടർ, ക്ഷീരവികസന വകുപ്പ് - അംഗം;

(ഇ) സർക്കാർ മൃഗസംരക്ഷണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ - അംഗം;

(എഫ്) മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് - അംഗം;

(ജി) അക്കാഡമിക് ആന്റ് റിസർച്ച് ഡയറക്ടർ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല - അംഗം;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വെറ്ററിനേറിയൻ - അംഗം;

(ഐ) കന്നുകാലി പ്രജനന വിഷയങ്ങളിൽ പ്രാവീണ്യമുള്ളതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ ഒരു ക്ഷീരകർഷകൻ - അംഗം ;

(ജെ) ജോയിന്റ് ഡയറക്ടർ (ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ), മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - രജിസ്ട്രാർ.

(3) അതോറിറ്റിയുടെ പ്രവർത്തനങ്ങൾ രജിസ്ട്രാർ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

4. അതോറിറ്റിയുടെ ആസ്ഥാനം.—അതോറിറ്റിയുടെ ആസ്ഥാനം സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലായിരിക്കുന്നതാണ്.

5. അതോറിറ്റിയുടെ യോഗങ്ങൾ.—(1) രജിസ്ട്രാർ, ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും, നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ചും അതോറിറ്റിയുടെ യോഗം ചേരേണ്ടതാണ്.

(2) അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്.

6. അതോറിറ്റിയിലെ വിദഗ്ദ്ധരും മറ്റ് ഉദ്യോഗസ്ഥരും.—(1) അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹിക്കേണ്ടതാണ്. അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ആവശ്യമായി വരുന്ന പക്ഷം സർക്കാരുമായി കൂടിയാലോചിച്ച് കൊണ്ട് കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

(2) ഒമ്പത് അംഗങ്ങളിൽ കൂടാത്ത വിദഗ്ദ്ധരുടെ ഒരു കൺസൾട്ടേറ്റീവ് പാനൽ അതോറിറ്റി തയ്യാറാക്കേണ്ടതാണ്. വിദഗ്ദ്ധരുടെ പാനലിൽ നിന്ന്, അതോറിറ്റി ആവശ്യപ്പെടുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി മൂന്ന് അംഗങ്ങളിൽ കൂടാത്ത സമിതി/സമിതികൾ അതോറിറ്റിക്ക് രൂപീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സമിതിയിലെ അംഗങ്ങൾക്കും അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഓണറേറിയം, യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

7. അതോറിറ്റിയുടെ ചുമതലകൾ.—അതോറിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാനത്ത് പ്രജനന നയം നടപ്പാക്കുക, അതുമായി ബന്ധപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുക;

(ബി) സംസ്ഥാന പ്രജനന നയത്തിന് അനുസൃതമായി സംസ്ഥാനത്തിനകത്തോ പുറത്തോ ഉൽപാദിപ്പിക്കുന്നതോ മറ്റേതെങ്കിലും രാജ്യത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതോ ആയ ബീജമാത്രുകളുടെയോ ഭ്രൂണത്തിന്റെയോ സംഭരണം, വിൽപന, ഉപയോഗം എന്നിവ നിയന്ത്രിക്കുക;

(സി) നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വിത്തുകാളകളെ/ പോത്തുകളെ സാക്ഷ്യപ്പെടുത്തുക;

(ഡി) ഈ ആക്റ്റിലെ 3-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ക്കനുസൃതമായി സംസ്ഥാനത്ത് സെമൻ സ്റ്റേഷനുകൾ രജിസ്റ്റർ ചെയ്യുക;

(ഇ) ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാനത്ത് സെമൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുക;

(എഫ്) അതോറിറ്റി നിശ്ചയിക്കുന്ന നിബന്ധനകൾക്കനുസൃതമായി സംസ്ഥാനത്ത് കന്നുകാലി പ്രജനനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി പരിശീലനം ലഭിച്ച എ.ഐ. ടെക്നീഷ്യന്മാരെ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുക;

(ജി) കന്നുകാലി പ്രജനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, നയങ്ങൾ മുതലായവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക;

(എച്ച്) കന്നുകാലി പ്രജനനനയം/നിയമങ്ങൾ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുക;

(ഐ) കന്നുകാലി പ്രജനനവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിർവ്വഹിക്കുക.

8. അതോറിറ്റിയുടെ അധികാരങ്ങളും അധികാരപരിധിയും.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി കന്നുകാലി പ്രജനനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതോറിറ്റിക്ക് സംസ്ഥാനത്തിലുടനീളം അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) 7-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി, അതോറിറ്റിക്ക് അല്ലെങ്കിൽ അതോറിറ്റി ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്, ഏതൊരു സെമൻ സ്റ്റേഷനിൽ നിന്നോ കന്നുകാലി പ്രജനന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നോ ആവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തുന്ന പരിസരത്തിന്റെ ഉത്തരവാദപ്പെട്ട ആൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് എന്ന് അതോറിറ്റിക്ക് അഭിപ്രായം ഉള്ളപ്പോൾ, അങ്ങനെയുള്ള ആളോട് വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ നൽകുവാൻ ആവശ്യപ്പെടുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം 3

## സെമൻ സ്റ്റേഷനുകളുടെയും സെമൻ ബാങ്കുകളുടെയും രജിസ്ട്രേഷനും, കൃത്രിമ ബീജാധാനം നടത്തുന്ന എ.ഐ. ടെക്നീഷ്യന്മാരുടെയും വിത്തുകാളകളുടെയും സാക്ഷ്യപ്പെടുത്തലും

9. സെമൻ സ്റ്റേഷനുകളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു ആൾ, ഫേം, പരിമിത ബാധ്യതാപങ്കാളിത്തം (ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്), കമ്പനി, പ്രൊഡ്യൂസർ കമ്പനി, സ്ഥാപനം, സർക്കാരിതര സംഘടന, കന്നുകാലി ബ്രീഡേഴ്സ് അസോസിയേഷൻ, ട്രസ്റ്റ്, കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പ്, സഹകരണ സംഘം, മറ്റേതെങ്കിലും ഏജൻസി എന്നിവ അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ കൃത്രിമ ബീജാധാനത്തിനുള്ള ബീജ മാത്രകൾ ഉൽപാദിപ്പിച്ച് സംഭരിക്കുകയോ സെമൻ സ്റ്റേഷനുകൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ഭ്രൂണങ്ങൾ ഉൽപാദിപ്പിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) ഒരു പുതിയ സെമൻ സ്റ്റേഷൻ സ്ഥാപിക്കുവാനും പ്രവർത്തിപ്പിക്കുവാനും ആഗ്രഹിക്കുന്ന, (1)-ാം ഉപവകുപ്പിൽ പറയുന്ന ഒരു [ ***] വ്യക്തി നിർണ്ണയിക്കപ്പെടുന്ന ഫീസ് സഹിതം അപ്രകാരമുള്ള ഫാറത്തിൽ രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

(3) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെമൻ സ്റ്റേഷനുകൾ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് വേണ്ടി, നിർണ്ണയിക്കപ്പെടുന്ന ഫീസ് സഹിതം അപ്രകാരമുള്ള ഫാറത്തിൽ അതോറിറ്റിയിൽ അപേക്ഷിക്കേണ്ടതാണ്. ഫാറത്തിൽ ആവശ്യപ്പെടുന്ന മറ്റ് വിശദാംശങ്ങളോടൊപ്പം നിലവിലെ ബീജശേഖരത്തിന്റെ കണക്ക് കൂടി അപേക്ഷകൻ രേഖപ്പെടുത്തേണ്ടതാണ്.

(4) (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ, അതോറിറ്റി, നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഒരു പ്രാഥമിക അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്തശേഷം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അപ്രകാരം നൽകുന്ന താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് പന്ത്രണ്ട് മാസക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷകന്റെ, രേഖാമൂലമുള്ള അപേക്ഷയിന്മേൽ, അതോറിറ്റിക്ക് ഈ കാലാവധി ആറ് മാസത്തേക്ക് കൂടി നീട്ടിനൽകാവുന്നതാണ്. രജിസ്ട്രേഷൻ കാലാവധി നീട്ടിനൽകുന്നത് സംബന്ധിച്ച തീരുമാനം, അപേക്ഷത്തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അതോറിറ്റി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(5) അപേക്ഷകൻ പുതുതായി സ്ഥാപിക്കുന്ന സെമൻ സ്റ്റേഷന് അല്ലെങ്കിൽ നിലവിലുള്ള സെമൻ സ്റ്റേഷന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധിയായ പന്ത്രണ്ട് മാസത്തിനകമോ, (4)-ാം ഉപവകുപ്പ് പ്രകാരം ദീർഘിപ്പിച്ച കാലാവധിയായ തുടർന്നുള്ള ആറ് മാസത്തിനകമോ അപ്രകാരമുള്ള സെമൻ സ്റ്റേഷനിൽ പരിശോധന നടത്തുന്നതിനായി, അതോറിറ്റിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ചാൽ ഉടൻതന്നെ അപ്രകാരമുള്ള പരിശോധനയ്ക്കായി അതോറിറ്റി കൺസൾട്ടേറ്റീവ് പാനലിൽ നിന്ന് വിദഗ്ധരുടെ സമിതിയെ അയയ്ക്കേണ്ടതാണ്.

(6) താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ പുതിയ സെമൻ സ്റ്റേഷന് അല്ലെങ്കിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെമൻ സ്റ്റേഷന് താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടെന്ന്/നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം, സെമൻ സ്റ്റേഷന്റെ പേരും വിലാസവും, രജിസ്ട്രേഷൻ നമ്പർ, ബീജോൽപാദനത്തിന് ഉപയോഗിക്കേണ്ട സാക്ഷ്യപ്പെടുത്തിയ വിത്തുകാളകളുടെ സവിശേഷ തിരിച്ചറിയൽ നമ്പർ, സെമൻ സ്റ്റേഷന്റെ ചുമതലയുള്ള ആളിന്റെ പേര്, കൂടാതെ അതോറിറ്റി യുക്തമെന്ന് കരുതുന്ന മറ്റ് നിബന്ധനകളും വ്യക്തമായി രേഖപ്പെടുത്തിക്കൊണ്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതിന് നൽകേണ്ടതാണ്, അതായത്:—

(എ) സെമൻ സ്റ്റേഷനുകളിൽ,—

(i) വിത്തുകാളകളെ നിരീക്ഷണാർത്ഥം പാർപ്പിക്കുന്നതിന് അതോറിറ്റി അല്ലെങ്കിൽ ഭാരത സർക്കാർ നിഷ്കർഷിക്കുന്ന വിധത്തിലുള്ള സ്ഥലസൗകര്യലഭ്യത ഉണ്ടായിരിക്കേണ്ടതാണ്;

(ii) വിത്തുകാളകളെ വളർത്തുന്നതിനും, പരിപാലിക്കുന്നതിനും, ബീജശേഖരണം, ബീജമാത്രകളുടെ പ്രോസസ്സിംഗ്, ഗുണനിലവാര നിയന്ത്രണം, സംഭരണം, വിതരണം, ക്വാറന്റൈൻ എന്നിവയ്ക്ക് അതോറിറ്റി അല്ലെങ്കിൽ ഭാരത സർക്കാർ നിഷ്കർഷിക്കുന്ന വിധത്തിലുള്ള സ്ഥലസൗകര്യലഭ്യത ഉണ്ടായിരിക്കേണ്ടതാണ്;

(iii) അതോറിറ്റി അല്ലെങ്കിൽ ഭാരത സർക്കാർ നിഷ്കർഷിക്കുന്ന വിധത്തിൽ ബീജമാത്രകൾ സംഭരിക്കുന്നതിനുള്ള സ്ഥലസൗകര്യലഭ്യത ഉണ്ടായിരിക്കേണ്ടതാണ്;

(ബി) സെമൻ സ്റ്റേഷനുകളിൽ ബീജോൽപാദനത്തിന് ഉപയോഗിക്കുന്ന എല്ലാ വിത്തുകാളകളും,—

(i) (എ) ക്വാറന്റൈൻ സ്റ്റേഷനിൽ പ്രവേശിപ്പിക്കുന്നതിന് മുൻപും;

(ബി) നിരീക്ഷണാർത്ഥം ക്വാറന്റൈൻ സ്റ്റേഷനിൽ പാർപ്പിച്ചിരുന്ന കാലയളവിലും;

(സി) വളർത്തിയിരുന്ന സ്ഥലത്തും;

(ഡി) സെമൻ സ്റ്റേഷനിലും;

അതോറിറ്റി അല്ലെങ്കിൽ ഭാരത സർക്കാർ നിഷ്കർഷിക്കുന്ന സ്ക്രീനിംഗ് ടെസ്റ്റുകളിൽ രോഗവിമുക്തമായവ ആയിരിക്കണം.

(ii) പ്രജനന നയത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള അനുവദനീയ ജനുസ്സുകളുടെ വർഗ്ഗ സവിശേഷതകളോട് യോജിക്കുന്നതും അതോറിറ്റിയോ ഭാരത സർക്കാരോ വ്യക്തമാക്കിയിട്ടുള്ളതും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ അളവിലും ഗുണനിലവാരത്തിലും വിവിധ സ്വഭാവ സവിശേഷതകളിലും, ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ എങ്കിലും പാലിച്ചിരിക്കണം;

(സി) ബീജമാത്രകൾ ഉൽപാദിപ്പിക്കുന്നതിനോ സംഭരിക്കുന്നതിനോ വിൽക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ കൃത്രിമ ബീജാധാനത്തിനായി വിതരണം ചെയ്യുന്നതിനോ വേണ്ടി വളർത്തുന്ന വിത്തുകാളകളുടെ കൃത്യമായ വിശദാംശങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സെമൻ സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്.

(7) അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകുകയും കാര്യങ്ങൾ എഴുതി രേഖപ്പെടുത്താനുള്ള അവസരം നൽകുകയും ചെയ്ത ശേഷം അതോറിറ്റിക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(8) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി അതോറിറ്റിക്ക് വിദഗ്ദ്ധ സമിതിയെ സെമൻ സ്റ്റേഷൻ പരിശോധിക്കുന്നതിനായി ആവശ്യാനുസരണം അയയ്ക്കാവുന്നതാണ്. പ്രതിവർഷം കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും അപ്രകാരമുള്ള പരിശോധന നടത്തേണ്ടതാണ്.

10. <u>രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധിയും പുതുക്കലും</u>.—(1) 9-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അത് നൽകിയ തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്.

(2) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനു വേണ്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാലഹരണപ്പെടുന്നതിന് മൂന്ന് മാസം മുമ്പായി നിർണ്ണയിക്കപ്പെടുന്ന നിരക്കിലുള്ള ഫീസ് സഹിതം അതോറിറ്റിയിൽ അപേക്ഷിക്കേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് 9-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന സൗകര്യങ്ങൾ ഉണ്ടെന്നും നിബന്ധനകൾ പാലിക്കുന്നുണ്ടെന്നും അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം, അപേക്ഷ സ്വീകരിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് രണ്ട് വർഷത്തേക്ക് കൂടി പുതുക്കി നൽകേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ മൂന്ന് മാസത്തിനുള്ളിൽ മറ്റ് വിധത്തിൽ അറിയിപ്പ് നൽകിയില്ലായെങ്കിൽ രജിസ്ട്രേഷൻ പുതുക്കി നൽകിയതായി കരുതപ്പെടേണ്ടതാണ്.

(3) ബീജമാത്രകളുടെ ഉൽപാദനത്തിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ <u>വിത്തു</u>കാളകളെ, അതോറിറ്റിയുടെ മുൻകൂർ അനുമതിയും ആവശ്യമായ സർട്ടിഫിക്കേഷനും ഇല്ലാതെ സെമൻ സ്റ്റേഷനുകളിൽ പ്രവേശിപ്പിക്കുവാനോ ഉപയോഗിക്കുവാനോ പാടില്ലാത്തതാകുന്നു. സാക്ഷ്യപ്പെടുത്തിയ <u>വിത്തുകാളകളുടെ</u> മരണം, <u>കയ്യൊഴിയൽ</u> എന്നിവ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.

11. <u>സെമൻ ബാങ്കുകളുടെ രജിസ്ട്രേഷൻ</u>.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും ആൾ, ഫേം, പരിമിത ബാധ്യതാപങ്കാളിത്തം (ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്), കമ്പനി, പ്രൊഡ്യൂസർ കമ്പനി, സ്ഥാപനം, സർക്കാരിതര സംഘടന, കന്നുകാലി ബ്രീഡേഴ്സ് അസോസിയേഷൻ, ട്രസ്റ്റ്, കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പ്, സഹകരണ സംഘം, മറ്റേതെങ്കിലും ഏജൻസി എന്നിവ അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ സെമൻ ബാങ്ക് സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

12. <u>വിത്തുകാളകളുടെ സാക്ഷ്യപ്പെടുത്തൽ</u>.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലും അന്നുമുതൽക്കും പുതിയ സെമൻ സ്റ്റേഷനുകൾ, അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുള്ള <u>വിത്തു</u>കാളകളിൽ നിന്നല്ലാതെ ബീജോൽപാദനം <u>നടത്തു</u>വാൻ പാടുള്ളതല്ല.

(2) വിത്തുകാളകളുടെ സാക്ഷ്യപ്പെടുത്തൽ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകലും പ്രദർശിപ്പിക്കലും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

[***]

13. എ.ഐ. ടെക്നീഷ്യന്റെ സാക്ഷ്യപ്പെടുത്തൽ.—സർക്കാർ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായും കൃത്രിമ ബീജാധാനം നടത്തുന്ന ടെക്നീഷ്യനെ അതോറിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

14. ബീജമാത്രകളുടെ വിൽപന ക്രമീകരിക്കൽ.—(1) അതോറിറ്റി അധികാരപ്പെടുത്തിയ ആളുകൾക്കല്ലാതെ മറ്റാർക്കും ബീജമാത്രകൾ/ഭ്രൂണം വിൽക്കുകയോ വിതരണം ചെയ്യുകയോ സമ്മാനിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിലും അപ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായും അതോറിറ്റി നൽകുന്ന മുൻകൂർ അനുമതി കൂടാതെ സംസ്ഥാനത്തിന് പുറത്ത് ഉൽപാദിപ്പിക്കുന്ന ബീജമാത്രകൾ, ഭ്രൂണം എന്നിവ കൃത്രിമ ബീജാധാനത്തിനുവേണ്ടി സംസ്ഥാനത്തിനകത്ത് വിൽക്കുവാനോ വിതരണം ചെയ്യുവാനോ സംഭാവന ചെയ്യുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ലാത്തതാകുന്നു.

(3) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിലും അപ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായും അതോറിറ്റി നൽകുന്ന മുൻകൂർ അനുമതി ഇല്ലാതെ കൃത്രിമ ബീജാധാനത്തിന് വേണ്ടിയോ കൈമാറ്റം ചെയ്യുന്നതിന് വേണ്ടിയോ ബീജമാത്രകളോ ഭ്രൂണമോ വിദേശത്തുനിന്നും സംസ്ഥാനത്തിലേക്ക് ഇറക്കുമതി ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

15. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ തനിപ്പകർപ്പ്.—ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് [***] അല്ലെങ്കിൽ പുതുക്കൽ സർട്ടിഫിക്കറ്റ് വിരൂപമാകുകയോ നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തെന്ന് അതോറിറ്റിക്ക് ബോധ്യപ്പെടുകയാണെങ്കിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫീസ് അടച്ച് അപേക്ഷിക്കുന്നപക്ഷം, അപേക്ഷകന് തനിപ്പകർപ്പ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

16. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അസാധുവാക്കൽ.—(1) അതോറിറ്റിക്ക്, ഇത് സംബന്ധിച്ച് അതിന് ലഭിച്ച റഫറൻസിന്മേലോ അല്ലെങ്കിൽ അതോറിറ്റി രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ,—

(എ) ഒരു സെമൻ സ്റ്റേഷൻ ഈ ആക്റ്റിൻ കീഴിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയത് തെറ്റായ വിവരം നൽകിയോ വഞ്ചനയിലൂടെയോ ആണെന്നോ; അല്ലെങ്കിൽ [***]

(ബി) ഈ ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾ ന്യായമായ കാരണങ്ങൾ കൂടാതെ, ഏതു വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായാണോ സർട്ടിഫിക്കറ്റ് നേടിയത്, അവ പാലിക്കാതിരിക്കുകയാണെന്നോ; അല്ലെങ്കിൽ [***]

(സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾ ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ എതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചെന്നോ, ബോദ്ധ്യപ്പെടുന്നപക്ഷം, സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾക്കെതിരെ ഈ ആക്റ്റ് പ്രകാരം എടുക്കാവുന്ന മറ്റേതൊരു നടപടിക്കും ഭംഗം വരാത്ത വിധത്തിൽ, അയാൾക്ക് കാരണം കാണിക്കാൻ ഒരു അവസരം നൽകിയശേഷം,—

(i) ഈ ആക്റ്റ് പ്രകാരം എതെങ്കിലും വ്യക്തിക്ക് 9-ാം വകുപ്പിൻ കീഴിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ പുതുക്കിയ സർട്ടിഫിക്കറ്റോ അനുവദിക്കുന്ന സമയത്ത് എതെങ്കിലും വ്യവസ്ഥകൾ ചുമത്തിയിട്ടുള്ള സംഗതിയിൽ ആ വ്യക്തി അത്തരം വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ രജിസ്ട്രേഷൻ/ പുതുക്കൽ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള അത്തരം നടപടികൾ സ്വീകരിക്കുകയോ;

(ii) സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾ നിയമപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും അതോറിറ്റിക്ക് ബോധ്യമാകുംവിധം പാലിക്കുന്നതുവരെ രജിസ്ട്രേഷൻ/പുതുക്കൽ സർട്ടിഫിക്കറ്റ് താൽക്കാലികമായി നിർത്തിവയ്ക്കുകയോ;

(iii) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളയാളിൽ നിന്നും വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് രേഖാമൂലമുള്ള ഉറപ്പ് എഴുതിവാങ്ങുകയോ ചെയ്യാവുന്നതാണ്.

17. <u>അപ്പീൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുവാനോ പുതുക്കുവാനോ അതോറിറ്റി വിസമ്മതിക്കുകയോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ താൽക്കാലികമായി നിർത്തിവയ്ക്കുകയോ ചെയ്യുതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും <u>അത് സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസങ്ങൾക്കകം</u> അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതാണ്.

എന്നാൽ നിശ്ചിത സമയപരിധിക്കകം അപ്പീൽ സമർപ്പിക്കുന്നതിന് അപ്പീൽ വാദിക്ക് കഴിയാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കാലാവധി മുതൽ 30 ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്.

(2) അപ്പീൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയ ശേഷം, അപ്പലേറ്റ് അതോറിറ്റി, കഴിയുന്നതും വേഗം, അപ്പീൽ ലഭിച്ച തീയതി മുതൽ പരമാവധി മൂന്ന് മാസത്തിനകം, അപ്പീലിൽ തീരുമാനമെടുക്കേണ്ടതാണ്.

## അദ്ധ്യായം 4

## പരിശോധന, അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയ്ക്കുള്ള അധികാരം

18. പരിശോധന, അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയ്ക്കുള്ള അധികാരം.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ വ്യവസ്ഥകളും നിബന്ധനകളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ പരിശോധനയ്ക്കോ തെളിവെടുപ്പിനോ വേണ്ടിയും അതോറിറ്റിയ്ക്കും അതോറിറ്റി ചുമതലപ്പെടുത്തുന്ന വിദഗ്ദ്ധ സമിതി അംഗങ്ങൾക്കും സെമൻ സ്റ്റേഷനുകളിൽ പരിശോധനയോ അന്വേഷണമോ നടത്തുന്നതിനും നടത്തിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും പരിസരത്ത്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നോ, ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമല്ലാതെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും പ്രവർത്തിക്കുന്നുവെന്നോ അതോറിറ്റിക്കോ അതോറിറ്റി ചുമതലപ്പെടുത്തുന്ന വിദഗ്ദ്ധ സമിതി അംഗങ്ങൾക്കോ കാര്യകാരണസഹിതം ബോധ്യപ്പെടുന്നപക്ഷം, ആ പ്രദേശത്ത് പ്രവേശിച്ച് സാമ്പിളുകൾ എടുക്കുകയോ പരിശോധന, തെരച്ചിൽ എന്നിവ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്.

(3) സെമൻ സ്റ്റേഷന്റെ പരിസരത്ത് നിന്ന് ബീജം, രക്തം അല്ലെങ്കിൽ ബീജമാത്രകൾ ഉൽപാദിപ്പിക്കുവാനുപയോഗിക്കുന്ന മറ്റ് വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് അംഗീകൃത ലബോറട്ടറിയിൽ അത്തരം സാമ്പിളുകൾ വിശകലനം ചെയ്യിക്കുകയും അംഗീകാരമില്ലാത്ത വിത്തുകാളയിൽ നിന്നുള്ള ബീജമാത്രകളുടെ ശേഖരം ഉടനടി നശിപ്പിക്കുകയും ബീജമാത്രകളുടെ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ മുദ്രവെയ്ക്കുകയും, പിടിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

(4) അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയുമായി ബന്ധപ്പെട്ട് 2023-ലെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ (2023-ലെ 46-ാം നമ്പർ കേന്ദ്ര ആക്റ്റ്) ബന്ധപ്പെട്ട വ്യവസ്ഥകൾ, ഈ വകുപ്പിന്റെ (1) ഉം (2) ഉം (3) ഉം ഉപവകുപ്പുകൾ പ്രകാരമുള്ള അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയ്ക്ക് ബാധകമായിരിക്കുന്നതാണ്.

19. രേഖകളുടെ സൂക്ഷിക്കലും സമർപ്പണവും.—(1) ഈ ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയ ഓരോ വ്യക്തിയും തന്റെ ബിസിനസ്സ് ഇടപാടുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളും രേഖകളും അതോറിറ്റി നിഷ്കർഷിക്കുന്ന പ്രകാരം സൂക്ഷിക്കേണ്ടതാണ്.

(2) ഒരു സെമൻ സ്റ്റേഷൻ/സെമൻ ബാങ്കിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ള ഓരോ വ്യക്തിയും സെമൻ സ്റ്റേഷനെ/ സെമൻ ബാങ്കിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ടും അതിന്റെ തനിപ്പകർപ്പും നിർണ്ണയിക്കപ്പെടുന്ന മാതൃകയിലും സമയത്തും അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(3) വിതരണത്തിനുവേണ്ടി ശേഖരിച്ചിട്ടുള്ള ബീജമാത്രകളുടെയും സാക്ഷ്യപ്പെടുത്തൽ ആവശ്യമുള്ള പുതിയ വിത്തുകാളകളുടെയും വിശദാംശങ്ങൾ നിർണ്ണയിക്കപ്പെടുന്ന മാതൃകയിൽ റിപ്പോർട്ടായി അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

20. നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം.— ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ഇത് സംബന്ധിച്ച് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി, അതോറിറ്റിക്ക് അതിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിലേക്കായി, ഏതെങ്കിലും ആളിനോ, ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ രേഖാമൂലം ഏതൊരു നിർദ്ദേശവും നൽകാവുന്നതും അത്തരം ആൾ, ഉദ്യോഗസ്ഥൻ, അധികാരസ്ഥാനം, അതത് സംഗതിപോലെ, അവ പാലിക്കാൻ ബാധ്യസ്ഥരായിരിക്കുന്നതുമാണ്.

(i) കന്നുകാലി പ്രജനനവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രക്രിയകളും പ്രവർത്തനങ്ങളും നിർത്തിവയ്ക്കൽ, നിരോധിയ്ക്കൽ, നിയന്ത്രിക്കൽ ; അല്ലെങ്കിൽ

(ii) വൈദ്യുതി, വെള്ളം അല്ലെങ്കിൽ മറ്റ് സേവനങ്ങൾ നിയന്ത്രിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്യൽ,എന്നിവ ഉൾപ്പെടുന്നു.

21. കോടതിയിൽ പരാതി നൽകുവാനുള്ള അധികാരം.—ഏതെങ്കിലും ആൾ, സ്ഥാപനം, കമ്പനി അല്ലെങ്കിൽ സർക്കാരിതര സംഘടന ഈ ആക്റ്റിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി കന്നുകാലി പ്രജനന പ്രവർത്തനങ്ങളിലോ അല്ലെങ്കിൽ ബീജം/ഭ്രൂണത്തിന്റെ വ്യാപാരം, വിതരണം എന്നിവയിലോ ഏർപ്പെട്ടിരിക്കുന്നു എന്ന് അതോറിറ്റിക്ക് ബോധ്യമാകുന്നപക്ഷം അയാൾക്കെതിരെ അതോറിറ്റിക്കോ അതോറിറ്റി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകാവുന്നതാണ്.

22. ശിക്ഷകൾ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഒരു വർഷം വരെയാകാവുന്ന തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

23. കുറ്റങ്ങൾക്ക് നടപടിയെടുക്കൽ.—(1) അതോറിറ്റിയുടെയോ അല്ലെങ്കിൽ അതോറിറ്റി ഇതിനായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കുവാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യാവുന്നതാണ്.

[***]

## അദ്ധ്യായം 5

### പലവക

24. അംഗീകൃത ലബോറട്ടറിയുടെ റിപ്പോർട്ട്.—ഒരു അംഗീകൃത ലബോറട്ടറി യഥാവിധി നൽകിയ റിപ്പോർട്ടായി കണക്കാക്കുന്ന ഏത് രേഖയും ഈ ആക്റ്റ് പ്രകാരമുള്ള ഏത് നടപടികളിലും അതിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ തെളിവായി ഉപയോഗിക്കാവുന്നതാണ്.

25. പ്രാദേശിക അധികാരികളുടെ ചുമതല.—അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങളും വിവരങ്ങളും ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനങ്ങൾ അതോറിറ്റിക്ക് നൽകേണ്ടതും, ആവശ്യമുള്ളപ്പോൾ അപ്രകാരമുള്ള രേഖകളും പ്രമാണങ്ങളും വിശദ പരിശോധനകൾക്കായി ലഭ്യമാക്കേണ്ടതുമാണ്.

26. റിപ്പോർട്ടുകളുടെ സമർപ്പണം.—അതോറിറ്റി, അതിന്റെ പ്രവർത്തനങ്ങൾ, വരവുചെലവ് കണക്കുകൾ അല്ലെങ്കിൽ നയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, സ്ഥിതിവിവരക്കണക്കുകൾ, മറ്റ് വിവരങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, കാലാകാലങ്ങളിൽ, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

27. അതോറിറ്റിയിലെ എല്ലാ വിദഗ്ധരും ഉദ്യോഗസ്ഥരും പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള, അതോറിറ്റിയിലെ എല്ലാ വിദഗ്ധരും ഉദ്യോഗസ്ഥരും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കും അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുമ്പോഴോ അല്ലെങ്കിൽ അവയിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോഴോ 2023-ലെ ഭാരതീയ ന്യായ സംഹിത (2023-ലെ 45-ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

28. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, അതോറിറ്റിയോ, അതോറിറ്റി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ വിദഗ്ധരോ പരിശോധന നടത്തി, ഈ ആക്റ്റ് പ്രകാരം അവരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഏതെങ്കിലും വിഷയത്തിൽ തീർപ്പ കൽപ്പിച്ചതോ അതിനായി അവലംബിച്ച രീതിയോ, തീരുമാനങ്ങളോ ചോദ്യം ചെയ്യുവാൻ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

29. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—അതോറിറ്റിയോ, ഏതെങ്കിലും അംഗമോ, അതോറിറ്റി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ വിദഗ്ധരോ ഉത്തമവിശ്വാസത്തിലും പൊതുതാല്പര്യം മുൻനിർത്തിയും ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ കാര്യങ്ങൾക്കെതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

30. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, അതതുസംഗതിപോലെ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

31. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്

വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും, സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ് :

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

32. അതോറിറ്റിയ്ക്ക് ആവശ്യമായ തുക വകയിരുത്തൽ.— അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക, മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ സർക്കാർ വകയിരുത്തേണ്ടതാണ്.

33. റദ്ദാക്കലും ഒഴിവാക്കലും.—(1) ദി കേരള ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്റ്റ്, 1961 (1961-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ, എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ഒക്ടോബർ 8.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*